LIBRARY ARCHIVES Kerala Legislative Assembly

അത്തരം വികസിപ്പിക്കേണ്ട പാർപ്പിട സമുച്ചയങ്ങളുടെ നില വിസ്തൃതി (Float Area) കൺസഷണയർക്ക് തീരുമാനിക്കാം. ഇതിനായുള്ള എസ്റ്റിമേറ്റും പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ്മെന്റിനുള്ള എസ്റ്റിമേറ്റും തയ്യാറാക്കുന്നതും നിക്ഷേപം പൂർണ്ണമായും വഹിക്കുന്നതും കൺസഷണയർ (സ്വകാര്യ പങ്കാളി) ആണ്.

ഇവയിലൂടെയുള്ള റവന്യൂ വരുമാനത്തിന്റെ പത്ത് ശതമാനം തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ ലഭിച്ചു തുടങ്ങും.

(സി) ഡെവലപ്പ് ചെയ്യുന്ന പോർട്ട് എസ്റ്റേറ്റ് ഉൾപ്പെടുന്ന മൊത്തം ഭൂമിയുടെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമായിരിക്കും. പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ് മെന്റിനായുള്ള ലൈസൻസ് മാത്രമാണ് സ്വകാര്യ പങ്കാളിക്ക് നൽകുന്നത്.

ഇതിന്റെ ലൈസൻസ് കാലാവധി തുറമുഖത്തിന്റെ ലൈസൻസ് കാലാവധി യോടൊപ്പം അവസാനിക്കും. തുറമുഖത്തിന്റെ ലൈസൻസ് കാലാവധി നാലുവർഷത്തെ നിർമ്മാണ കാലയളവുൾപ്പെടെ നാൽപ്പതു വർഷമാണ്. കൺസഷണയർ സ്വന്തം മുതൽമുടക്കിൽ തുടർച്ചയായ വികസന പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ ഈ കാലാവധി ഇരുപതുവർഷത്തേക്കു കൂടി നീട്ടുന്നതാണ്.

ലൈസൻസ് കാലാവധി അവസാനിക്കുന്നത് മുതൽ പോർട്ട് എസ്റ്റേറ്റിന്റെ ഉടമസ്ഥതയും വരുമാനവും പൂർണ്ണമായും സംസ്ഥാന സർക്കാരിനായിരിക്കും.

വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണം

115 (2934) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണത്തിന് അദാനി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടാൻ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെയും ഇതിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്മേൽ ധനകാര്യം നിയമം തുടങ്ങി ഏതെല്ലാം വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നു ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിന്റെ പൂർണ്ണ രൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ഇറമുഖ നിർമ്മാണത്തിന് അദാനി ഗ്രൂപ്പ് സമർപ്പിച്ച ബിഡിന് അംഗീകാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെയും മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പുകൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(ബി) നിയമ വകുപ്പിന്റെയും സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II, III ആയി വച്ചിട്ടുണ്ട്.*

വിഴിഞ്ഞം ഇറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡൽ ടെണ്ടർ

116 (2935) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡലിന്റെ ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ചർച്ച നടത്തി എഗ്രിമെന്റിലേർപ്പെടുന്നത്, ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടെണ്ടറിൽ ക്വാട്ട് ചെയ്യുന്നത് ഏക കമ്പനിയായിരിക്കുമ്പോൾ മത്സരാധിഷ്ഠിതമല്ലാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു ; അവ പാലിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അദാനിയുടെ ടെണ്ടർ ഉറപ്പിച്ചില്ലെങ്കിൽ വിഴിഞ്ഞം വികസനത്തിനുള്ള അവസാന അവസരമായിരിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെയടിസ്ഥാനം എന്തായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിക്കുവേണ്ടി അദാനി സമ്മർദ്ദ തന്ത്രങ്ങൾ നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ ടെണ്ടർ ക്വാട്ട് ചെയ്തതിനുശേഷം ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ഒരു ചർച്ചയും നടത്തിയിട്ടില്ല. ചർച്ചകൾ നടന്നിട്ടുള്ളത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്